10

# നമ്മുടെ പിതാവായ ദൈവം എങ്ങനെ?

ദൈവത്തിന്റെ സാരാംശം തന്നെ *ന്യുമ* എന്നാണ്, അർത്ഥം "ആത്മാവ്" എന്നാണ്. ഗ്രീക്കിൽ "ആത്മാവു" ലിംഗഭേദം വരുത്താത്ത വാക്കാണ്, അതിനർത്ഥം ആണോ പെണ്ണോ എന്നു ലക്ഷ്യാർത്ഥം വ്യക്തമാക്കുന്നില്ല. യേശു പറഞ്ഞു "നാം ന്യുമാറ്റി ആരാധിക്കണം" അല്ലെങ്കിൽ "ആത്മാവിൽ" (ലിംഗഭേദം കണക്കാക്കാതെ) (യോഹന്നാൻ 4:24). ഇതു ഉറപ്പിക്കുന്നതാണ് സ്നാനമേറ്റവരെ കുറിച്ചു പൗലൊസ് പറഞ്ഞത്: "അതിൽ യെഹൂദനും യവനനും എന്നല്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല, നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ" (ഗലാത്യർ 3:28; എംഫസിസ്മൈൻ).

ലിംഗഭേദത്തെ കുറിച്ചു പറയുമ്പോൾ ലൈംഗികത എന്ന ആശയം ഉൾപ്പെടാതിരിക്കുക പ്രയാസമാണെന്നു തോന്നുന്നു - അതായതു, ആണും പെണ്ണും എങ്ങനെയായാലും, ഇതു പല ഭാഷയിലും, ഗ്രീക്കിലടക്കം സാധാരണമാണ്.

പിന്നെ, എങ്ങനെ, നാം ദൈവത്തെ പിതാവു എന്നു വിടുവിക്കും? ഉത്തരം കിടക്കുന്നതു രണ്ടു ദിശകളിലാണ്.

### ഒരു നിത്യപിതാവ്

നാം നേരിട്ടു ദൈവികത്വത്തിനുള്ളിലെ ബന്ധത്തിലേക്കു കടക്കുകയാണ്. ദൈവത്തിന്റെ ആവശ്യമായ പ്രകൃതത്തിൽ നമ്മുടെ ചോദ്യത്തിനു ഒരു ഉത്തരം നാം കാണുന്നു. അവൻ ത്രിത്വമുള്ള ദൈവമാണ്, അവന്റെ സാരാംശം ആത്മാവാണ്, അവനിൽ മൂന്നു വ്യക്തികൾ ഉണ്ട്. നിത്യ ദൈവം നിത്യ പിതാവാണ്, നിത്യ പുത്രനും, നിത്യാത്മാവും അത്രെ. അതുകൊണ്ടു, ദൈവത്തെ ആദ്യം പിതാവു എന്നു പറഞ്ഞിരിക്കുന്നു, കാരണം ഒരു പിതാവായി, അവനു തന്റെ "ഏകജാതനായ പുത്രനു" മായി നിത്യബന്ധം ഉണ്ട് (യോഹന്നാൻ 3:16). എല്ലായ്പ്പോഴും പിതാവായ ദൈവവും, ദൈവമായ പുത്രനും, ദൈവം ആയ ആത്മാവും ഉണ്ട്. ദൈവമായ പുത്രൻ സൃഷ്ടിക്കപ്പെട്ട വ്യക്തിയല്ല. ദൈവാത്മാവു പിതാവായ ദൈവത്തിൽ നിന്നു ദൈവം ആയ പുത്രനെ അയക്കുന്നു (യോഹന്നാൻ 15:26).

ഇവയെല്ലാം അർത്ഥമാക്കുന്നതു ദൈവത്തിനു നിത്യതയിൽ ഒരിക്കലും ഒരു സ്ത്രീയെ ഒരു "പ്രൊഡ്യൂസ് - ക്രിയേറ്റേ" അത്ഭുത ഗുണ

ത്തിനായി “ആവശ്യം” ഉണ്ടായിട്ടില്ല. അത്തരം അപക്വമായ ആശയങ്ങൾ അന്യദേവന്മാരെ വണങ്ങുന്നവർക്കു പുരാണങ്ങളിൽ പറയുന്നവരാണ്.[1] ആൺദൈവ വിഗ്രഹങ്ങളും പെൺദൈവവിഗ്രഹങ്ങളും കനാന്യരിൽ സഫലത വരുത്തിയെന്നു പറഞ്ഞതിനെ ആക്ഷേപിക്കുന്നതായും പഴയനിയമത്തിനു എതിരാണെന്നും പറഞ്ഞിട്ടുണ്ട്.[2]

പിന്നെ, എങ്ങനെ, ദൈവത്തെ പിതാവു എന്നു വിളിക്കുവാൻ സാധ്യതയുണ്ട്? നാം അങ്ങനെ വിളിക്കുവാനുള്ള കാരണം അവൻ ദൈവികത്വത്തിൽ ആത്മിയമായി നിത്യപിതാവാണ്. സാരാംശത്തിൽ അവൻ ആത്മാവും, വ്യക്തമായി അവൻ പിതാവും ആണ്.

## ഒരു സൃഷ്ടിക്കുന്ന പിതാവു

ദൈവത്തിന്റെ പിതൃത്വത്തെ സംബന്ധിച്ച ചോദ്യത്തിനു ഉത്തരം കണ്ടെത്തുന്ന രണ്ടാമത്തെ ദിശ ദൈവികത്വത്തിന്റെ ആന്തരിക സ്വഭാവത്തിനു പുറത്തു കടക്കേണം. നാം തുടർന്നു നീങ്ങുമ്പോൾ, നാം ശ്രദ്ധിക്കേണ്ടതു ത്രിത്വത്തിൽ വ്യക്തികളെ വേർതിരിച്ചിട്ടുണ്ടെങ്കിലും, അവരുടെ പ്രവൃത്തികളുടെ ഐക്യം ചെയ്തതിലും ചെയ്തുകൊണ്ടിരുന്നതിലും കാണാം. ഈ പോയിന്റ് വ്യക്തമാകുവാൻ മൂന്നു ഉദാഹരണങ്ങൾ സഹായിക്കും. *സൃഷ്ടിത്വമാണ്* ആദ്യത്തെ ഉദാഹരണം (ഉല്പത്തി 1:1, 2; യോഹന്നാൻ 1:1–3; എബ്രായർ 1:1–3). അതു ദൈവത്തിന്റെ മൊത്തത്തിലുള്ള പ്രവൃത്തിയാണ് – *ത്രിത്വം* രണ്ടാമത്തെ ഉദാഹരണം വെളിപ്പാട് ആണ് (ഗലാത്യർ 1:12; എഫെസ്യർ 3:2–6). അതും, ഇതോടൊപ്പം, ദൈവത്തിന്റെ മൊത്തത്തിലുള്ള പ്രവൃത്തിയാണ് – ത്രിത്വം *പ്രായശ്ചിത്തമാണ്* മൂന്നാമത്തെ ഉദാഹരണം. ദൈവത്തിന്റെ പ്രവൃത്തി – മൊത്തത്തിൽ – ത്രിത്വം ഇവിടെ കാണാം (എബ്രായർ 9:14; 10:3–10).

കൂടുതൽ ഉദാഹരണങ്ങൾ വേണമെങ്കിൽ എടുക്കാം. ദൈവം “മുഴുവനായും” തന്റെ പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നു എന്നു ചിത്രീകരിക്കുവാൻ ഇത്രയും മതിയാകും. സൃഷ്ടിയിലും, വെളിപ്പാടിലും, പ്രായശ്ചിത്തത്തിലും പിതാവായ ദൈവം മാത്രമല്ല ഉൾപ്പെട്ടിരുന്നത്. ഈ പ്രവൃത്തികളിൽ ഓരോരുത്തരുടേയും വേറിട്ട പ്രവർത്തനം ഐക്യത ഇല്ലാതാക്കിയില്ല, എന്നാൽ അതു വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഉദാഹരണമായി, വീണ്ടെടുപ്പിന്റെ എല്ലാപദ്ധതികളിലും, പിതാവായ ദൈവം, ദൈവമായ പുത്രനെ ലോകത്തിന്റെ പാപത്തിനായി ക്രൂശിൽ മരിക്കുവാൻ അയച്ചു. എങ്ങനെയായാലും, പിതാവായ ദൈവം ക്രൂശിൽ മരിച്ചില്ല; ക്രൂശിൽ അവൻ കഷ്ടത ഏറ്റുമില്ല ദൈവമായ പിതാവു, ദൈവമായ പുത്രനെ നമുക്കുവേണ്ടി മരിപ്പാൻ അയച്ചു. പുത്രന്റെ അടക്കത്തിനും ഉയിർപ്പിനും ശേഷം, പിതാവായ ദൈവം അവനു സകല അധികാരവും ശക്തിയും നല്കി, തന്റെ വലത്തുഭാഗത്ത് ഇരുത്തി (മത്തായി 28:18; യോഹന്നാൻ 3:16; പ്രവൃത്തികൾ 2:23–33). ദൈവികത്വത്തിനു “ഉള്ളിലെ” പ്രകൃതം നോക്കിയശേഷം, ദൈവികത്വപ്രവൃത്തി “കൂടാതെ,” ദൈവത്തെ പിതാവായി നാം എന്താണ് തീർച്ചയാക്കുന്നത്? അവൻ നിത്യപിതാവായിരിക്കുന്നതു ലൈംഗികബന്ധത്താലോ, പൗരുഷ നവീകരണത്താലോ അല്ല, പക്ഷെ ദൈവിക സ്വഭാവത്താലാണ്. അവന്റെ സൃഷ്ടി

പ്രവൃത്തി പിതാവായ ദൈവത്തിന്റെ മാത്രം പ്രവൃത്തിയല്ല, മറിച്ചു ദൈവത്തിന്റെ മുഴുവൻ പ്രവൃത്തിയുമാണ്. പിന്നെ, ശരിക്കും - അവനിൽ കാണുന്ന പങ്കാളിത്തം - മനുഷ്യരുടെ കാര്യത്തിലും അവരുടെ ലക്ഷ്യസ്ഥാനത്തിൽ എത്തിക്കുന്ന പ്രത്യേകതയിലും കാണുന്നുണ്ട്.

ഇതിന്റെ വെളിച്ചത്തിൽ, ''പിതാവു'' എന്ന നാമം ദൈവത്തിനുള്ളതു പുരാതന സങ്കുചിതത്തിന്റെ തെളിവല്ല.[3] നാം മുൻപു പറഞ്ഞതുപോലെ, വിഗ്രഹാരാധികളായ അന്യദേവന്മാരെ വണങ്ങുന്നവർ സമൂഹത്തിൽ അവരുടെ ദൈവങ്ങൾ ആണും പെണ്ണുമായിട്ടാണ് കാണുന്നത്. മിക്കവരും, അല്ലെങ്കിൽ പലരും, അവരുടെ ആരാധനാ സമ്പ്രദായ പരിശീലനങ്ങൾ, സഫലതയുള്ള ആചാരങ്ങളാണ്. പുരുഷദൈവങ്ങൾ അവർക്കു കളിക്കുന്നവരുടെ ഭാര്യമാർ, പിന്നെ അവരെ വനാന്തരത്തിൽ കയ്യൊഴിയുന്നതും കാണാം. ഈ ആചാരങ്ങൾ ഒരിക്കൽ യിസ്രായേൽ ജനത്തെ വശീകരിച്ചിരുന്നതായി, പഴയനിയമത്തിൽ ആവർത്തിച്ചു കാണിച്ചിട്ടുണ്ട്. എന്നാൽ, അവരുടെ ദൈവം അദൃശ്യനും തീവ്രവിരക്തിയുള്ളവനും, അവർക്കു ചുറ്റും ഉള്ള ആളുകൾ ആചരിച്ചിരുന്നവയുമായി താരതമ്യം ചെയ്യാമായിരുന്നു.

അതുകൊണ്ട്, യിസ്രായേൽ അവരുടെ ദൈവത്തെ "പിതാവു" എന്നു വിളിച്ചതു തെറ്റായില്ല, പിന്നെ കാലഘട്ടത്തിന്റെ ആവശ്യമായി പ്രതിഫലിച്ചിരുന്നു. അവനാണ് സത്യത്തിൽ ജീവനുള്ള ദൈവം. "യിസ്രായേലേ കേൾക്ക! യഹോവ നമ്മുടെ ആകുന്നു, യഹോവ ഏകൻ തന്നെ!" (ആവർത്തനപുസ്തകം 6:4). ബഹുദൈവങ്ങൾ ഉണ്ടായിരുന്നില്ല, അമ്മ ദൈവവുമില്ലായിരുന്നു നിയമത്താൽ ഊന്നൽ കൊടുത്ത് അവരെ ഇതു വിലക്കിയിരുന്നു. മറ്റുദേശക്കാരുടെ മതസമ്മേളനങ്ങൾ ആൺദൈവങ്ങൾക്കും പെൺദൈവങ്ങൾക്കും പുറകെ പോയി, പക്ഷെ വെളിപ്പെടുത്തിയ യിസ്രായേലിൽ അതുണ്ടായില്ല. വാസ്തവത്തിൽ, "ദേവത" എന്നതിനു വേറൊരു എബ്രായ വാക്ക് എബ്രായ ബൈബിളിൽ ഒരിടത്തുമില്ല.[4] "പിതാക്കന്മാരുടെ കോംപ്ളെക്സ്" ആണ്. ദൈവത്തെ "അമ്മ" എന്നു വിളിക്കാതെ പിതാവു എന്നു വിളിച്ചതിനു ധാരാളം തെളിവുകൾ ബൈബിളിലും പുറത്തും ഉണ്ട്. അതു തിരുവെഴുത്തിന്റെ കൃത്യതയും വെളിപ്പെടുത്തിയതു സത്യമാണെന്നും വരുന്നു. ചില ആളുകൾ കർത്താവിന്റെ പ്രാർത്ഥന "പിതാവേ" എന്നു സംബോധന ചെയ്തിരിക്കകൊണ്ട് അതു വിട്ടുകളയണം എന്നു പറയുന്നത് നമ്മുടെ കാലത്തു ദു:ഖവ്യാഖ്യാനമാണ്, ബൈബിൾ കാലത്ത് അതുണ്ടായിരുന്നില്ല.

## ഒരു സർവ്വത്ര പിതാവു

നിത്യ ത്രിത്വത്തിലുള്ള വ്യക്തികളുമായുള്ള ബന്ധത്തിൽ ദൈവത്തെ പിതാവ് സംസാരിച്ചിരിക്കുന്നതു നാം കണ്ടു കഴിഞ്ഞു. ഇപ്പോൾ, നാം ദൈവത്തെ പിതാവായി കണ്ടുകൊണ്ട്, തന്റെ ജനത്തിനുവേണ്ടിയുള്ള വിപുലമായ ചരിത്രവെളിപ്പാടുകൾ - ബൈബിൾ നോക്കാം. ഇവിടെ ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നതു മൂന്നു രീതിയിലാണ്. അവ മൂന്നും പ്രാധാന്യമുള്ളതാണ്; മൂന്നും വ്യത്യസ്തവുമാണ്.

ആദ്യരീതി നാം കാണുന്നത് *സൃഷ്ടിത്വത്തിൽ ദൈവത്തെ സർവ്വത്ര*

*പിതാവായി പറഞ്ഞിരിക്കുന്നതായി ശ്രദ്ധിക്കുന്നു.* ദൈവികത്വത്തിലെ മൂന്നു വ്യക്തികളുടെ സൃഷ്ടിത്വത്തിൽ ഉൾപ്പെട്ടിരുന്നതുകൊണ്ട്, ഇപ്പോൾ നാം സൃഷ്ടിത്വത്തിൽ പിതാവിന്റെ പങ്ക് ഊന്നി പറയണം. (അതു പോലെ വീണ്ടെടുപ്പു പദ്ധതിയിൽ മൂന്നു വ്യക്തികളും ഉൾപ്പെട്ടിട്ടുണ്ട്, എന്നാൽ ദൈവപുത്രനാണ് വീണ്ടെടുപ്പിൻ പങ്കു വഹിച്ചു വില കൊടുത്തത്)..തന്റെ സൃഷ്ടിപരമായ പ്രവൃത്തിയാലാണ് ദൈവത്തിനു സൃഷ്ടിയോടു ബന്ധം ഉണ്ടാകുന്നത്. മനുഷ്യരെ കാണുന്നതു സൃഷ്ടിയുടെ കിരീടമായിട്ടാണ്, കാരണം മനുഷ്യരിൽ ദൈവത്തിന്റെ സ്വരൂപം നട്ടു പിടിപ്പിച്ചിരിക്കയാണ് (ഉല്പത്തി 1:26, 27).

ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവൃത്തിയിൽ പ്രദർശിപ്പിച്ച ശക്തി തന്റെ സകല സൃഷ്ടികളിലും അവന്റെ കർതൃത്വം ഉറപ്പിക്കുന്നു. പല വേദഭാഗങ്ങളിലും ഈ സൃഷ്ടികർത്താവു - പിതാവു എന്നതും ശക്തി - കർത്താവു എന്നതും യോജിച്ചു പ്രതിഫലിപ്പിച്ചിരിക്കുന്നു. അവ ദൈവത്തിന്റെ സർവ്വത്ര പിതൃത്വവും അവന്റെ സൃഷ്ടിയും തമ്മിലുള്ള അടുത്ത ബന്ധത്തെ ഉറപ്പിക്കുന്നു:

> അപ്പന്നുമക്കളോടു കരുണ തോന്നുന്നതുപോലെ, യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു, അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലൊ; നാം പൊടി എന്നു അവൻ ഓർക്കുന്നു.
> ... യഹോവ തന്റെ സിംഹാസനത്തെ സർഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു; അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു (സങ്കീർത്തനങ്ങൾ 103:13, 14, 19).

ദൈവം തന്റെ സൃഷ്ടിയെ ഭരിക്കുമ്പോൾ തന്റെ മനസ്സലിവിൽ അവൻ ഒരു പിതാവാണ്. അഥേനയിലെ അരയോപകക്കുന്നിൽ പൗലൊസ് അന്യദേവന്മാരെ വണങ്ങിയ തത്വചിന്തകരോടു സംസാരിക്കുമ്പോൾ, ദൈവത്തെ സർവ്വത്ര പിതാവായി പറയുന്നുണ്ട്. അവരുടെ തന്നെ ഒരു കവി ദൈവത്തെക്കുറിച്ചു രചിച്ച കവിത അവൻ ഉദ്ധരിക്കയുണ്ടായി, ''നാം ദൈവത്തിന്റെ സന്താനമല്ലൊ'' (നോക്കുക പ്രവൃത്തികൾ 17:24-29, പ്രത്യേകിച്ച് വാക്യം 28). നാം ദൈവത്തിന്റെ സന്താനമാണെങ്കിൽ, അവൻ നമ്മുടെ എല്ലാവരുടേയും സർവ്വത്രപിതാവാണ്.

ആദാമിന്റെ വംശാവലികൾ വായിക്കുന്നതു താല്പര്യം ജനിപ്പിക്കും. “ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ സാദൃശത്തിൽ അവനെ ഉണ്ടാക്കി, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു, സൃഷ്ടിച്ച നാളിൽ അവരെ അനുഗ്രഹിക്കയും അവർക്കു ആദാമെന്നു പേരിടുകയും ചെയ്തു” (ഉല്പത്തി 5:1, 2). എങ്ങനെയായാലും, പുതിയ നിയമത്തിൽ, യേശുവിന്റെ അവസാന പ്രസ്താവനയിൽ സൃഷ്ടിയെ വിവരിച്ചിരിക്കുന്നതു കാണാം (തിരിച്ചു). “ആദാമിന്റെ മകൻ, ആദാം ദൈവത്തിന്റെ മകൻ” (ലൂക്കൊസ് 3:38). ദൈവസൃഷ്ടിയായ ആദാം (മനുഷ്യൻ) ഒരു “പിതാവിന്റെ” പങ്കിൽ കാണുന്നു. ആരംഭമനുഷ്യന്റെ പിതാവായി, അവൻ സകല മനുഷ്യരുടേയും പിതാവായി തീർന്നു.

## തിരഞ്ഞെടുക്കുന്ന ഒരു പിതാവ്

*അവന്റെ വാഗ്ദാന / ഉടമ്പടി വഴിയായി ദൈവം ഒരു തിരഞ്ഞെടുക്കുന്ന പിതാവു കൂടെയാണ്.* മലാഖിയിലെ ഒരു വേദഭാഗം സൃഷ്ടിയാൽ ദൈവം പിതാവു എന്ന ചിന്ത മാറ്റി വാഗ്ദാന / ഉടമ്പടിയാൽ ദൈവം തിരഞ്ഞെടുക്കുന്ന പിതാവായി പറയുന്നു. തന്റെ നിയമം "ജീവനും സമാധാനവും" നല്കുന്നതാണെന്നു ജനത്തോടു അവൻ പറഞ്ഞിരുന്നു. "ആ വഴിയിൽ നിന്നു നിങ്ങൾ തിരിഞ്ഞുകളഞ്ഞു"; എന്നും അവൻ പറഞ്ഞു, ... നിങ്ങൾ എന്റെ വഴികൾ പ്രമാണിക്കുന്നില്ല." സർവത്ര സത്യത്തിന്റെ അടിസ്ഥാനത്തിൽ പിന്നെ മലാഖിയല്ലൊ നമ്മെ സൃഷ്ടിച്ചത്. നമ്മുടെ പിതാവ് എന്താണ് ചെയ്യാതിരുന്നത്? നമ്മുടെ പിതാക്കന്മാരുടെ നിയമത്തെ അശുദ്ധമാക്കേണ്ടതിനു നാം അന്യോന്യം ദ്രോഹം ചെയ്യുന്നതെന്തിന്?"[5] (മലാഖി 2:3-10). രണ്ടു പ്രധാന തത്വങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു മലാഖി ജനങ്ങളോടു വാദിച്ചത്. അവൻ സൃഷ്ടികർത്താവായതുകൊണ്ട്; ദൈവം പിതാവാണ്. ദൈവം യിസ്രായേലിനോടു ഉടമ്പടി ചെയ്തതുകൊണ്ടു ദൈവം യിസ്രായേലിന്റെ പിതാവായി.

വാഗ്ദാന / ഉടമ്പടി ദൈവം ഒരു തിരഞ്ഞെടുക്കുന്ന പിതാവു എന്നതായിരുന്നു പഴയ നിയമത്തിലെ ഒരു മുഖ്യവിഷയം. ഒരു പ്രധാന പുരോഗതി നടക്കുന്നതു നാം കാണണം. പാപം ചെയ്തു ദൈവത്തിൽ നിന്നും അകന്നു പോകുന്നതുവരെ മനുഷ്യനു സൃഷ്ടിയാൽ ദൈവത്തെ സർവ്വത്രപിതാവു എന്നു വിളിക്കാൻ കഴിയും. അവന്റെ നിർമ്മലമായ അവസ്ഥയിൽ, ആദാം, "ദൈവമകൻ" ആയിരുന്നു. മനുഷ്യൻ പാപം ചെയ്തപ്പോൾ, അവൻ ദൈവത്തിൽ നിന്നകന്നു. അന്നുമുതൽ, ദൈവവുമായി പൂർണ്ണകൂട്ടായ്മ നടത്തുവാൻ, സൃഷ്ടിത്വത്തിൽ ദൈവത്തെ സർവ്വത്ര പിതാവായി സ്വീകരിക്കുവാൻ സാധ്യമല്ല.

ദൈവം മുൻകൈ എടുത്തതിനാൽ, അബ്രഹാമിനെ സേവനത്തിനായി വിളിക്കുകയും വാഗ്ദാനങ്ങളാൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തു (ഉല്പത്തി 12:1-3) ഉടമ്പടി ചെയ്യുകയുണ്ടായി (ഉല്പത്തി 17:1, 2). അതുപോലെ തന്നെ അവന്റെ മകൻ ഇസഹാക്കും പേരക്കുട്ടിയാക്കോബും (യിസ്രായേൽ) (ഉല്പത്തി 26:2-5; 35:9-12). ദൈവത്തിന്റെ ഈ പ്രവൃത്തികൾ എല്ലാം *പിതാവായ* ദൈവത്തിന്റേതായിരുന്നുവോ? അതെ, തീർച്ചയായും സിനായ് പർവ്വതത്തിൽ തുടങ്ങി, ന്യായപ്രമാണം തന്റെ ജനത്തിനുനല്കുന്നതിനു മുൻപുതന്നെ, യിസ്രായേലിനെ ദൈവം തന്റെ ആദ്യ - ജാതനായ മകൻ ആയി കണ്ടിരുന്നു (പുറപ്പാട് 4:22). നിയമത്തോടുള്ള വിശ്വസ്തതയുടെ അടിസ്ഥാനത്തിൽ ദൈവം അവരെ മറ്റുള്ള എല്ലാവരിൽ നിന്നും *തിരഞ്ഞെടുത്തതാണ്* എന്നു അവർ അറിഞ്ഞിരുന്നു (പുറപ്പാട് 19:3-6).

കുറെ കഴിഞ്ഞപ്പോൾ, ജനങ്ങൾ കനാനിൽ പ്രവേശിച്ചു. അവർക്കു നായകന്മാരായി ന്യായാധിപന്മാർ ഉണ്ടായിരുന്നു. ക്രമേണ, രാജാക്കന്മാരുണ്ടായി. ദാവീദിന്റെയും ശലോമോന്റെയും മിന്നുന്ന, പ്രതാപമുള്ള വാഴ്ച്ചയുടെ മദ്ധ്യേ ദൈവം അവരുടെ പിതാവാണെന്നു അവരെ ഓർമ്മിപ്പിച്ചു, ദൈവം ദാവീദിന്റെ മകനായ ശലോമോനെകുറിച്ചു പറഞ്ഞു, "... ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും

ആയിരിക്കും; ..." (2 ശാമുവേൽ 7:12-14; നോക്കുക 1 ദിനവൃത്താന്തങ്ങൾ 28:4-7). ദാവീദ് ദൈവത്തെ പിതാവായി കണ്ടതും, നിയമത്തെയും, ദാവീദിന്റെ രാജവാഴ്ച്ചയെയും എല്ലാം ഓർമ്മിച്ചു സങ്കീർത്തനകാരൻ കീർത്തനം: "നീ എന്റെ പിതാവു, എന്റെ ദൈവം, എന്റെ രക്ഷയുടെ പാറ, എന്നു വിളിച്ചു പറയും. ഞാൻ അവനെ ആദ്യ - ജാതൻ ആക്കും ..." (സങ്കീർത്തനങ്ങൾ 89:24-29).

അവനെ തിരഞ്ഞെടുത്ത ജനത്തോട് പിതാവു/മക്കൾ എന്ന ബന്ധം പ്രവാചകന്മാർ പലരും ഊന്നി പറഞ്ഞിട്ടുണ്ട്. ജനം ദൈവത്തോടു പിതാവെന്നനിലയിൽ ഭക്തിരഹിതമായി ജീവിച്ചപ്പോൾ ഇതു ശാസനാ രൂപത്തിൽ ചെയ്തിട്ടുണ്ട്. ഒരിക്കൽ, പാർസിരാജാവായിരുന്ന കോർഹ് മുഖാന്തരം അവരെ വിടുവിക്കുന്ന ദൈവത്തിന്റെ രീതിയെ അവർ പരാതിപ്പെടുകയും ചോദ്യം ചെയ്യുകയും ചെയ്തപ്പോൾ, അവന്റെ മൂർച്ചയുള്ള മറുപടി യെശയ്യാവിൽ കൂടെ വന്നു. "തന്നെ നിർമ്മിച്ചവനോടു തർക്കിക്കുന്നവന്നു അയ്യോ കഷ്ടം; മനയുന്നവനോടു കളിമണ്ണ്: നീ എന്തുണ്ടാക്കുന്നു 'എന്നും അപ്പനോടു: നീ ജനിപ്പിക്കുന്നതു എന്തു എന്നും സ്ത്രീയോടു: നീ പ്രസവിക്കുന്നത് എന്ത്'" എന്നു ചോദിക്കുന്നവനു അയ്യോ കഷ്ടം! (യെശയ്യാവു 45:9-11). (പൗലൊസ് ഇതേ കാരണത്താൽ ഈ തിരുവെഴുത്ത് ഉപയോഗിച്ചത് താല്പര്യം ജനിപ്പിക്കുന്നു (റോമർ 7:14-24).

തിരഞ്ഞെടുക്കുന്ന പിതാവു എന്ന നിലയിൽ ദൈവവുമായുള്ള തന്റെ ജനത്തോടുള്ള ബന്ധത്തിൽ അവന്റെ ഭാഗത്തു നിന്നു കർതൃത്ത്വവും അവരുടെ ഭാഗത്തു നിന്നു ദാസ്യത്വവും വരുന്നു. തന്റെ ജനം വിഗ്രഹാരാധികളായപ്പോൾ ദൈവത്തിന്റെ കാഴ്ച്ചപ്പാട് വ്യക്തമാക്കുന്നുണ്ട്, "അവർ മരണത്തോടു നീ എന്റെ അപ്പൻ," എന്നു കല്ലിനോടു "നീ എന്നെ പ്രസവിച്ചവൾ എന്നും പറയുന്നു" (യിരെമ്യാവ് 2:26-28) അവർക്കു സൈന്യങ്ങളുടെ യഹോവയായ കർത്താവിനെ ബഹുമാനമില്ലാത്ത അവന്റെ ഹിതത്തോടു വിശ്വസ്തത പുലർത്താതെ അവനോടു മത്സരിച്ചിരുന്നതായി വിവരിക്കുന്നു (മലാഖി 1:6).

മൊത്തത്തിൽ, പ്രവാചകന്മാർ പ്രഖ്യാപിച്ചുകൊണ്ടിരുന്നതു ദൈവം പൂർവ്വപിതാക്കന്മാരായിരുന്ന അബ്രഹാമിന്റെയും, ഇസഹാക്കിന്റെയും, യാക്കൊബിന്റെയും പിതാവു മാത്രമല്ല അവൻ തിരഞ്ഞെടുക്കപ്പെടുന്നവർക്കു, എല്ലായ്പോഴും ആശ്രയിക്കാവുന്ന പിതാവു തന്നെ: "നീയല്ലൊ ഞങ്ങളുടെ പിതാവു, അബ്രഹാം ഞങ്ങളെ അറിയുന്നില്ല. യിസ്രായേലിനു ഞങ്ങളെതിരിയുന്നതുമില്ല; നീയോ യഹോവേ, ഞങ്ങളുടെ പിതാവാകുന്നു, യുഗാരംഭം മുതൽ ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നാകുന്നു നിന്റെ നാമം" (യെശയ്യാവു 63:16). "എങ്കിലോ യഹോവേ നീ ഞങ്ങളുടെ പിതാവു, ഞങ്ങൾ കളിമണ്ണും നീമെനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രെ" എന്നും അവർ പറഞ്ഞു (യെശയ്യാവ് 64:8).

ക്ഷാമം, സാംക്രമികരോഗം, മത്സരം, ശിക്ഷ, പ്രവാസം, വിഗ്രഹാരാധന, യുദ്ധം മുതലായവ, യിസ്രായേലിന്റ ചരിത്ര സംഭവങ്ങളായി അടയാളപ്പെടുത്താമെങ്കിലും ദൈവം, അവർക്കു ഒരു തെരഞ്ഞെ

ടുക്കുന്ന പിതാവായി അവനെ, അവർക്കു ബോധ്യമാക്കി (യിരെമ്യാവു 31:9). അവർ തുടർന്നും വാഗ്ദാന/ഉടമ്പടിയിൽ വിശ്വസ്തനായിരുന്ന തന്റെ പ്രിയമക്കളിലേക്കു അവന്റെ ക്ഷമിക്കുന്ന കൈ നീട്ടിക്കൊണ്ടിരുന്നു. പഴയനിയമത്തിലെ സൂക്ഷ്മതയേറിയ വേദഭാഗം, തന്റെ അനുസരണം കേട്ട മക്കളോടു പകരം ചെയ്യാതെ സ്നേഹിക്കുന്ന പിതാവായി വിവരിക്കുന്നു:

> യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു, മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു. അവരെ വിളിക്കുംതോറും അവർ വിട്ടകന്നു പോയി; ബാൽബിംബങ്ങൾക്കു അവർ ബലി കഴിച്ചു; വിഗ്രഹങ്ങൾക്കു ധൂപം കാട്ടി. ഞാൻ എഫ്രയീമിനെ നടപ്പാൻ ശീലിപ്പിച്ചു; ഞാൻ അവരെ എന്റെ ഭുജങ്ങളിൽ എടുത്തു; എങ്കിലും ഞാൻ അവരെ സൌഖ്യമാക്കി എന്നു അവർ അറിഞ്ഞില്ല. മനുഷ്യ പാശങ്ങൾ കൊണ്ട്, സ്നേഹബന്ധനങ്ങൾ കൊണ്ടു തന്നേ, ഞാൻ അവരെ വലിച്ചു; അവരുടെ താടിയെല്ലിന്മേലുള്ള നുകം നീക്കികളയുന്നവനെപ്പോലെ ഞാൻ അവർക്കു ആയിരുന്നു; ഞാൻ അവർക്കു തീൻ ഇട്ടുകൊടുത്തു (ഹോശേയ 11:1-4).

---

കുറിപ്പുകൾ

[1]വിൽഡൂറന്റ്, *അവർ ഓറിയെന്റ് ഹെറിറ്റേജ്* (ന്യൂയോർക്ക്: സൈമൺ ആന്റ് സ്ക്കസ്റ്റർ, 1954), 60 എഫ് എഫ്.; എഡിത്ത് ഹാമിൽട്ടൺ, *മിതോളജി* (ന്യൂയോർക്ക്: ന്യൂ അമേരിക്കൻ ലൈബ്രറി ഓഫ് വേൾഡ് ലിറ്ററേച്ചർ [മെന്റർബുക്ക്], 1959), 24–28. [2]പുറപ്പാട് 20:1–6; ആവർത്തനപുസ്തകം 23:17; ന്യായാധിപന്മാർ 10:6–10; 1 രാജാക്കന്മാർ 11:4, 5, 33; 2 രാജാക്കന്മാർ 21:3; 23:13. അസ്തോരേത്തിനെ ബിൽ ദേവന്മാരുടെ ഭാര്യമാരായി പരിഗണിക്കപ്പെട്ടിരുന്നു. [3]അതായതു, ദൈവത്തെ "പിതാവു" എന്നു സംബോധന ചെയ്തതിനു പുരുഷന്മാർ സ്ത്രീകളേക്കാൾ ഉയർന്നതെന്ന ദുരഭിമാന വിശ്വാസത്തിനു അടിസ്ഥാനകാരണം ഒന്നുമില്ല. [4]1 രാജാക്കന്മാർ 11:5, 33-ൽ ഇംഗ്ലീഷ് തർജിമയിൽ "ഗോഡെസ്" എന്ന വാക്ക് ഉണ്ട്, പക്ഷെ ഇതു സന്ദർഭം നോക്കിയാൽ നിദോന്യരുടെ സ്ത്രീ ദേവതയായ അസ്തോരേത്ത് ആയിരുന്നു. എബ്രായ ഭാഷയിൽ ഇവിടെ *എലോഹേ* എന്നാണ്, അതിനർത്ഥം "ഗോഡ് (സ്) ഓഫ്," എന്നാണ് *അസ്തോരേത്തിനെ* തിരിച്ചറിയുവവാൻ, ഉദാഹരണമായി, എബ്രായരുടെ ദൈവം എന്നു സൂചിപ്പിക്കുന്നുണ്ട് ഉല്പത്തി 26:24. [5]കൂടുതൽ വ്യാഖ്യാനങ്ങൾക്ക്, നോക്കുക - റോബപർട്ട് സി.ഡെന്റൻ, "മലാഖി" ദ *ഇന്റർപ്രെട്ടേഴ്സ്* ബൈബിൾ, വാല്യം 6 ഇഡി. ജോർജ് ആർദർ ബട്ടറിക് (നാഷ്വില്ലെ: അബിഒപ്ടൺ, 1956), 1134.

© 2009 Truth for Today